15. പത്തനംതിട്ട - ചെങ്ങന്നൂർ
16. ഗുരുവായൂർ - കോഴിക്കോട്
17. തൃശ്ശൂർ - കോഴിക്കോട്
18. പൊന്നാനി - കോഴിക്കോട്
19. ആറ്റിങ്ങൽ - കരുനാഗപ്പള്ളി
20. കായംകുളം - ചെങ്ങന്നൂർ
21. കായംകുളം - തിരുവല്ല
22. ചേർത്തല - അംബികാ മാർക്കറ്റ് വൈക്കം
23. മലപ്പുറം - കോഴിക്കോട് - തലശ്ശേരി
24. ഗുരുവായൂർ - വരാപ്പുഴ - എറണാകുളം
25. എറണാകുളം - വരാപ്പുഴ -കോഴിക്കോട്
26. നോർത്ത് പറവൂർ - വരാപ്പുഴ - എറണാകുളം
27. ഗുരുവായൂർ - ഒറ്റപ്പാലം - പാലക്കാട്
28. ചങ്ങനാശ്ശേരി - കുട്ടപ്പന

കൂടാതെ ലാഭകരമായി സർവ്വീസ് നടത്താൻ പറ്റിയ പുതിയ മേഖലകൾ കണ്ടെത്തി അവിടെ ടൗൺ ടു ടൗൺ, ചെയിൻ സർവ്വീസുകൾ നടത്താനുള്ള നടപടികളും എടുത്തുവരുന്നു.

(ഡി) ഉണ്ട്. 100 കോടിയുടെ കടം എടുത്തിട്ടുണ്ട്.

(ഇ) 1. 100 കോടി വായ്പ അനുവദിക്കും.

2. നാല് തുല്യ ഗഡുക്കളായി അനുവദിക്കുന്ന ടി തുക ഉപയോഗിച്ച് 1200 പുതിയ ബസ്സുകൾ നിരത്തിലിറക്കുന്നതാണ്.

3. പ്രതിവർഷം പലിശ 13.25 ശതമാനം ആയിരിക്കും.

4. 12 ത്രൈമാസഗഡുക്കളായി മുതലും പലിശയും തിരിച്ചടയ്ക്കണം.

5. മുതലിനും പലിശക്കും സർക്കാർ ഗ്യാരന്റി നൽകേണ്ടതാണ്.

6. ഹഡ്കോയുടെ സഹായത്തോടെ വാങ്ങുന്ന ബസുകൾ ഹഡ്കോയുടെ പേരിൽ ഹൈപ്പോത്തിക്കേറ്റ് ചെയ്യേണ്ടതും ഇൻഷർ ചെയ്യേണ്ടതുമാണ്.

(എഫ്) യാത്രാക്ലേശം ഉണ്ടെന്ന് തോന്നുന്ന സാഹചര്യത്തിൽ ആവശ്യാനുസരണം ബസുകൾ ഓടിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതിനകം ഇത്തരം 25 റൂട്ടുകളിലായി 127 സർവീസുകൾ തുടങ്ങി കഴിഞ്ഞു.

## റവന്യൂ കാർഡ് വിതരണം

22 (*283) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) റവന്യൂ കാർഡ് വിതരണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ പൂർത്തിയായി ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) റവന്യൂ കാർഡ് എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇസ്മയിൽ) :

(എ) റവന്യൂ കാർഡ് നൽകുന്നതിനാവശ്യമായ അപേക്ഷാഫാറങ്ങൾ അച്ചടിച്ച് വിതരണം ചെയ്തിട്ടുള്ളതും അതിൻപ്രകാരം ഇതുവരെ 55,05,051 അപേക്ഷകൾ പൂരിപ്പിച്ച് കിട്ടിയിട്ടുണ്ട്. പൂരിപ്പിച്ച അപേക്ഷകളിന്മേൽ വില്ലേജ് ആഫീസർമാർ അന്വേഷണം നടത്തിവരുന്നു. റവന്യൂ കാർഡ് അച്ചടിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള ജോലി ഒരു സർക്കാർ ഏജൻസിയായ 'കുടുംബശ്രീ' യെ ഏല്പിക്കുന്നതിനുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് (എം.ഒ.യു) അംഗീകാരത്തിനായി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ലഭിച്ച അപേക്ഷകൾ പരിശോധിച്ചതിനുശേഷം റവന്യൂ കാർഡുകൾ വിതരണം ചെയ്തു തുടങ്ങുന്നതാണ്.

## ലോക ബാങ്കിന്റെ സഹായത്തോടെ വനം വകുപ്പിൽ നടപ്പാക്കുന്ന പദ്ധതികൾ

23 (*285) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിൽ ലോക ബാങ്കിന്റെ സഹായത്തോടുകൂടി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വനം വകുപ്പിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) വനസംരക്ഷണം, വികസനം എന്നിവ ലക്ഷ്യമാക്കി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലോകബാങ്കിന്റെ സഹായം ലഭിക്കാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) സംസ്ഥാനത്തെ വനമേഖലയിലെ ഏതെല്ലാം ഭാഗങ്ങളിലാണ് വനസംരക്ഷണ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(എഫ്) വനസംരക്ഷണം ഉറപ്പു വരുത്തുന്നതിന് ഏർപ്പെടുത്തിയ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

LIBRARY ARCHIVES Kerala Legislative Assembly